**പതിനഞ്ചാം കേരള നിയമസഭ**

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2021-2023)

## അഞ്ചാമത് റിപ്പോർട്ട്

**[കൃഷി (ധാന്യവിളകൾ) വകുപ്പിന്റെ ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച്]**

(2022 ജൂലൈ മാസം 20-ാം തീയതി സഭയിൽ സമർപ്പിച്ചത്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2022

പതിനഞ്ചാം കേരള നിയമസഭ

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2021-2023)

## അഞ്ചാമത് റിപ്പോർട്ട്

**[കൃഷി (ധാന്യവിളകൾ) വകുപ്പിന്റെ ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച്]**

**(2022 ജൂലൈ മാസം 20-ാം തീയതി സഭയിൽ സമർപ്പിച്ചത്)**

982/2022.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | v |
| മുഖവുര | : | vii |
| റിപ്പോർട്ട് | : | 1 |

# എസ്റ്റിമേറ്റ്സ് കമ്മിറ്റി
# (2021-2023)

**ഘടന**

<u>അദ്ധ്യക്ഷ</u> :

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ.

<u>അംഗങ്ങൾ</u> :

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)
ശ്രീ. പി. പി. ചിത്തരഞ്ജൻ
ശ്രീ. ജി. എസ്. ജയലാൽ
ശ്രീ. കോവൂർ കുഞ്ഞുമോൻ
ശ്രീ. എം. എം. മണി
ശ്രീ. മുരളി പെരുനെല്ലി
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
ശ്രീ. പി. ടി. എ. റഹീം
ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ശ്രീ. എൻ. ഷംസുദ്ദീൻ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീമതി കവിത ഉണ്ണിത്താൻ, സെക്രട്ടറി-ഇൻ-ചാർജ്ജ്
ശ്രീമതി രജനി വി. ആർ., ജോയിന്റ് സെക്രട്ടറി
ശ്രീമതി ഷീബാ വർഗീസ്, ഡെപ്യൂട്ടി സെക്രട്ടറി
ശ്രീമതി അമ്പിളി പി., അണ്ടർ സെക്രട്ടറി.

# മുഖവുര

എസ്റ്റിമേറ്റ്സ് കമ്മിറ്റി (2021-2023)-യുടെ അദ്ധ്യക്ഷയായ ഞാൻ സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

സംസ്ഥാനത്തിന്റെ കൃഷി-അനുബന്ധമേഖലകളുടെ പ്രാധാന്യം കണക്കിലെടുത്ത് ധനാഭ്യർത്ഥന XXIX, മേജർ ഹെഡ് 2401-ന് കീഴിലുള്ള കൃഷി (ധാന്യവിളകൾ)യുടെ ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച് സമിതി പഠനം നടത്തുകയുണ്ടായി. പ്രസ്തുത പഠനത്തിന്റെ ഭാഗമായി വകുപ്പിൽ നിന്നും വിവരങ്ങൾ ശേഖരിക്കുകയും വിവിധ യോഗങ്ങളിൽ ഈ വിഷയം പരിഗണിക്കുകയും ചെയ്തു. പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും ശിപാർശകളും ഉൾക്കൊള്ളിച്ച് തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2022 ജൂലൈ മാസം 12-ാം തീയതി ചേർന്ന സമിതിയോഗമാണ് ഈ റിപ്പോർട്ട് അംഗീകരിച്ചത്.

കെ. കെ. ശൈലജ ടീച്ചർ,
*അദ്ധ്യക്ഷ,*
*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2022 ജൂലൈ 20.

# റിപ്പോർട്ട്

കേരളജനതയുടെ ജീവിതം പണ്ടുമുതൽക്കേ കൃഷിയും അനുബന്ധ മേഖലകളുമായി ബന്ധപ്പെട്ടുകിടക്കുന്നു. നമ്മുടെ സമ്പദ്‌വ്യവസ്ഥയുടെ അവിഭാജ്യ ഘടകമാണ് കൃഷി. ജനസംഖ്യയുടെ ഗണ്യമായ ഒരു വിഭാഗം വരുമാനത്തിനായി കൃഷിയെ ആശ്രയിക്കുന്നവരാണ്.

2. കാർഷികവൃത്തിയിൽ അധിഷ്ഠിതമായ ഒരു ഭൂതകാലത്തിനുടമകളാണ് നാം. കൃഷി എന്നത് ഒരു തൊഴിൽ എന്നതിലുപരി നമ്മുടെ ജീവിതശൈലിയും സംസ്കാരവും കൂടിയായിരുന്നു. നമ്മുടെ പ്രധാന ആഘോഷങ്ങളും കലാരൂപങ്ങളും പോലും കൃഷിയുമായി ബന്ധപ്പെട്ടവയാണ്. കാലക്രമേണ കൃഷിഭൂമി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ തുടങ്ങിയതും, കാർഷിക ചെലവ് വർദ്ധിച്ചതും, ഉപഭോഗ സംസ്കാരത്തിന്റെ അമിതമായ കടന്നുകയറ്റവും നമ്മെ കാർഷിക സംസ്കാരത്തിൽ നിന്നും അകറ്റിത്തുടങ്ങി. പുതുതലമുറ കൃഷിയെ പാടേ അവഗണിച്ചുതുടങ്ങിയതും നമ്മുടെ കാർഷിക മേഖലക്ക് തിരിച്ചടിയായി.

3. അന്യസംസ്ഥാനങ്ങളിൽ രാസവളങ്ങളും കീടനാശിനികളും അമിതമായ തോതിൽ ഉപയോഗിച്ച് ഉൽപ്പാദിപ്പിക്കുന്ന വിഷലിപ്തമായ പച്ചക്കറികളെയാണ് നാം ഇന്ന് കൂടുതലായും ആശ്രയിക്കുന്നത്. അമിത വിഷപ്രയോഗം നടത്തിയ പച്ചക്കറികളുടെയും പഴവർഗങ്ങളുടെയും ഉപഭോഗം ജനങ്ങളുടെ ആരോഗ്യത്തെ പ്രതികൂലമായി ബാധിച്ചുതുടങ്ങി. ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കുന്നതിനായി വിഷവിമുക്തവും പോഷകസമൃദ്ധവുമായ ഭക്ഷണം ഉറപ്പുവരുത്തേണ്ടതുണ്ട്. കാർഷിക മേഖലയിലെ നമ്മുടെ നഷ്ടപ്പെട്ടുപോയ ആധിപത്യം തിരിച്ചുപിടിക്കുന്നതിനും പുതുതലമുറയ്ക്ക് കൃഷിയിൽ ആഭിമുഖ്യം വർദ്ധിപ്പിക്കുന്നതിനും വേണ്ട നടപടികൾ ഊർജ്ജിതപ്പെടുത്തേണ്ടതുണ്ട്. ഇതിനായി കൃഷി വകുപ്പ് ധാരാളം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കി വരുന്നുണ്ടെന്നത് എടുത്തുപറയേണ്ട ഒന്നാണ്.

4. കാർഷിക മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് എസ്റ്റിമേറ്റ്സ് കമ്മിറ്റി (2006-2008) ധനാഭ്യർത്ഥന XXIX- മേജർഹെഡ് 2401- കൃഷി വകുപ്പിന്റെ (ധാന്യവിളകൾ) ബഡ്ജറ്റ് വിഹിത വിനിയോഗം സംബന്ധിച്ച് പഠനം നടത്തുവാൻ തീരുമാനിച്ചു. തുടർന്ന് കൃഷി വകുപ്പിൽ നിന്നും പ്രാഥമിക വിവര റിപ്പോർട്ട് ലഭ്യമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ചോദ്യാവലിയിന്മേൽ വകുപ്പിൽ നിന്നും മറുപടി ലഭ്യമാക്കുകയും ചെയ്തു. പഠനത്തിന്റെ ഭാഗമായി സമിതി നിരവധി യോഗങ്ങളിൽ ടി വിഷയം പരിഗണിക്കുകയും കൃഷി, റവന്യൂ, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളിൽ നിന്നും തെളിവെടുപ്പ് നടത്തുകയും ചെയ്തു. പ്രസ്തുത പഠനത്തിന്റെയും തെളിവെടുപ്പിന്റെയും അടിസ്ഥാനത്തിൽ എത്തിച്ചേർന്ന നിർദ്ദേശങ്ങളും ശിപാർശകളുമാണ് ഈ റിപ്പോർട്ടിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്.

5. 2018-ൽ സംസ്ഥാനത്തുണ്ടായ അസാധാരണമായ പ്രളയത്തിലും പ്രകൃതിക്ഷോഭത്തിലും വിവരണാതീതമായ നാശനഷ്ടങ്ങൾ ഉണ്ടായ സാഹചര്യത്തിൽ കാലാവസ്ഥാ വ്യതിയാനത്താൽ കാർഷിക മേഖലക്ക സംഭവിച്ച നാശനഷ്ടങ്ങൾ സംബന്ധിച്ച പഠനം നടത്തുന്നതിനായി കൂടുതൽ നാശനഷ്ടങ്ങളുണ്ടായ ആലപ്പുഴ ജില്ലയിലെ കുട്ടനാട് പ്രദേശങ്ങളിലും വയനാട് ജില്ലയിലും സമിതി സന്ദർശനം നടത്തുകയുണ്ടായി. പ്രസ്തുത സന്ദർശനത്തിന്റെയും ഉദ്യോഗസ്ഥരുമായി നടത്തിയ ചർച്ചകളുടെയും അടിസ്ഥാനത്തിൽ സമിതി (2016-2019), വയനാട് ജില്ലയിലെ പ്രളയ നാശനഷ്ടങ്ങളും അനന്തര പ്രവർത്തനങ്ങളും സംബന്ധിച്ച് (പതിനെട്ടാമത് റിപ്പോർട്ട്), കുട്ടനാട്ടിലെ പ്രളയനാശനഷ്ടങ്ങളും അനന്തര പ്രവർത്തനങ്ങളും സംബന്ധിച്ച് (പത്തൊൻപതാമത് റിപ്പോർട്ട്) എന്നിങ്ങനെ രണ്ട് റിപ്പോർട്ടുകൾ 2018 ഡിസംബർ മാസം 11-ാം തീയതി സഭയിൽ സമർപ്പിച്ചു. പ്രസ്തുത റിപ്പോർട്ടുകളിൽ കർഷകരുടെ ക്ഷേമത്തിനായി യഥാക്രമം 27 ഉം 29 ഉം ശിപാർശകൾ ഉൾക്കൊള്ളിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടുകളിലെ ഒട്ടുമിക്ക ശിപാർശകളിന്മേലും സർക്കാർ തലത്തിൽ അനുകൂല നടപടി സ്വീകരിച്ചിട്ടുള്ളതായും മറ്റുള്ളവയിൽ നടപടി സ്വീകരിച്ചുവരുന്നതായും സമിതി മനസ്സിലാക്കുന്നു. കുട്ടനാടിന്റെ പ്രത്യേക പരിസ്ഥിതിക്ക് ഇണങ്ങുന്ന 'ഉമ' എന്ന നെൽവിത്തിന്റെ ലഭ്യതക്കുറവ്മൂലം വിത്ത് വിതരണത്തിൽ കാലതാമസം ഉണ്ടായതായും പാലക്കാട്, ചിറ്റൂർ മേഖലകളിലെ കർഷകരുടെ കൈവശം 'ഉമ' നെൽവിത്ത് ഉണ്ടെന്നും കുട്ടനാട് സന്ദർശനവേളയിൽ ബോധ്യപ്പെട്ട സമിതി, ആലപ്പുഴ ജില്ലാഭരണകൂടം കൃഷിവകുപ്പുമായി ചേർന്ന് കുട്ടനാടിനാവശ്യമായ 'ഉമ' നെൽവിത്ത് സംഭരിച്ച് ആവശ്യമായ സംസ്കരണം നടത്തി കഴിവതും വേഗത്തിൽ വിതരണം ചെയ്യുവാനുള്ള നടപടി സ്വീകരിക്കുവാൻ ശിപാർശ ചെയ്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ കുട്ടനാടൻ മേഖലയിൽ കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി കർഷകർക്ക് ആവശ്യമായ 'ഉമ' നെൽവിത്ത് (1831.00 ടൺ) സൗജന്യമായി വിതരണം ചെയ്തുവെന്നും സമയബന്ധിതമായി വിത്ത് വിതരണം ചെയ്തതിനാൽ റിക്കാർഡ് ഉല്പാദനം ലഭിച്ചുവെന്നും സർക്കാർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. സമിതിയുടെ ഇടപെടൽ മൂലമുണ്ടായ പ്രസ്തുത നേട്ടത്തിൽ സമിതിക്ക് ചാരിതാർത്ഥ്യമുണ്ട്.

## വകുപ്പിന്റെ ഘടന

6. കൃഷി വകുപ്പിന്റെ ഭരണപരവും സാങ്കേതികവുമായ പ്രവർത്തനങ്ങൾക്ക് ഡയറക്ടർ നേതൃത്വം കൊടുക്കുന്നു. അദ്ദേഹത്തെ സഹായിക്കുന്നതിനായി ആസ്ഥാനത്ത് നാല് കൃഷി അഡീഷണൽ ഡയറക്ടർമാർ, സീനിയർ ഫിനാൻസ് ഓഫീസർ, ലാ ഓഫീസർ, സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സ്റ്റേറ്റ് അഗ്രിക്കൾച്ചറൽ എഞ്ചിനീയർ, വിജിലൻസ് ഓഫീസർ, 5 കൃഷി ജോയിന്റ് ഡയറക്ടർമാർ, 5 കൃഷി ഡെപ്യൂട്ടി ഡയറക്ടർമാർ, ഒരു ഡെപ്യൂട്ടി ഡയറക്ടർ (സ്റ്റാറ്റിസ്റ്റിക്സ്) തുടങ്ങി വിവിധ തസ്തികകളിലുള്ള ഉദ്യോഗസ്ഥരുടെ സേവനം ലഭ്യമാക്കിയിരിക്കുന്നു.

7. കൃഷിവകുപ്പിന്റെ ജില്ലാതല ഭരണം നിർവ്വഹിക്കുന്നതിന് ജോയിന്റ് ഡയറക്ടർ റാങ്കിലുള്ള പ്രിൻസിപ്പൽ കൃഷി ഓഫീസറും സഹായത്തിനായി ഡെപ്യൂട്ടി ഡയറക്ടർമാർ, അസിസ്റ്റന്റ് ഡയറക്ടർമാർ, ടെക്നിക്കൽ അസിസ്റ്റന്റ് എന്നിവരും ഉണ്ട്. പദ്ധതി നടത്തിപ്പിന്റെ ചുമതല വഹിക്കുന്നതിനായി ബ്ലോക്ക് തലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരും കൃഷിഭവൻ തലത്തിൽ കൃഷി ഓഫീസർമാരും പ്രവർത്തിക്കുന്നു. കൃഷി ഓഫീസറെ സഹായിക്കുന്നതിനായി കൃഷിഭവനുകളിൽ 2-3 വരെ കൃഷി അസിസ്റ്റന്റുമാർ ഉണ്ട്.

8. കൃഷി വകുപ്പിന്റെ കീഴിൽ 1076 കൃഷിഭവനുകൾ പ്രവർത്തിക്കുന്നുണ്ട്. എല്ലാവിധ കൃഷി പരിപാലന കാർഷിക വിജ്ഞാന പരിപാടികൾക്കും കൃഷിഭവനുകളാണ് നേതൃത്വം കൊടുക്കുന്നത്. കാർഷിക യന്ത്രവൽക്കരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നത് കാർഷിക എഞ്ചിനീയറിംഗ് വിഭാഗമാണ്. ഇതിനായി രണ്ടു മേഖലാ ഓഫീസുകൾ സംസ്ഥാന അഗ്രികൾച്ചറൽ എഞ്ചിനീയറുടെ മേൽനോട്ടത്തിൽ പ്രവർത്തിക്കുന്നുണ്ട്. കോഴിക്കോട് ആസ്ഥാനമായുള്ള ഉത്തര മേഖല എഞ്ചിനീയറിംഗ് കാര്യാലയവും ആലപ്പുഴ ആസ്ഥാനമായുള്ള ദക്ഷിണ മേഖല എഞ്ചിനീയറിംഗ് കാര്യാലയവുമാണ് മേൽപ്പറഞ്ഞവ. കൂടാതെ 33 സംസ്ഥാന വിത്തുല്പാദന ഫാമുകളും 10 ജില്ലാഫാമുകളും 10 സ്പെഷ്യൽ ഫാമുകളും 8 തെങ്ങിൻതൈ ഉല്പാദന കേന്ദ്രങ്ങളും ഉൾപ്പെടെ ആകെ 61 ഫാമുകൾ സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നു. ഇതിനുപുറമേ ടിഷ്യൂകൾച്ചർ ലാബ് ഉൾപ്പെടുന്ന ബയോടെക്നോളജി ആന്റ് മോഡൽ ഫ്ളോറികൾച്ചർ സെന്റർ കഴക്കൂട്ടത്തും, മണ്ണുത്തിയിൽ സ്റ്റേറ്റ് ബയോകൺട്രോൾ ലാബ്, ആലപ്പുഴയിൽ പെസ്റ്റ് സർവൈലൻസ് സ്റ്റേഷൻ, തിരുവനന്തപുരത്ത് പെസ്റ്റിസൈഡ് ടെസ്റ്റിസൈഡ് ടെസ്റ്റിംഗ് ലബോറട്ടറികൾ, ഒരു ജില്ലാതല മണ്ണുപരിശോധന ശാല, 24 ജില്ലാ മണ്ണ് പരിശോധന കേന്ദ്രങ്ങൾ, സീഡ് അതോറിറ്റി, ആലപ്പുഴ, തിരുവനന്തപുരം എന്നിവിടങ്ങളിൽ രണ്ട് വിത്ത് പരിശോധന ലബോറട്ടറികൾ, ഒൻപത് പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകൾ, 10 അഗ്‌മാർക്ക് ലബോറട്ടറികൾ, ഫാം ഇൻഫർമേഷൻ ബ്യൂറോ എന്നിവയും പ്രവർത്തിക്കുന്നു.

## 9. വകുപ്പിന്റെ ദൗത്യങ്ങൾ

1. സംസ്ഥാനത്തെ കാർഷിക വിളകളുടെ ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കാനുതകുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുക.

2. നൂതന സാങ്കേതിക വിദ്യകൾ കാർഷിക വിജ്ഞാന വ്യാപനത്തിലൂടെ കർഷകരിൽ എത്തിക്കുക.

3. ഉൽപ്പാദനോപാധികളുടെ ഉൽപാദനവും വിതരണവും.

4. യഥാസമയം പദ്ധതികൾ നടപ്പിലാക്കുന്നതുമൂലം കർഷക ക്ഷേമം ഉറപ്പുവരുത്തുക.

5. ഉല്പ്പാദനോപാധികളുടെ ഗുണമേന്മ ഉറപ്പു വരുത്തുന്നതിന് നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുക.

6. കർഷകർക്ക് വിപണനത്തിനുള്ള സൗകര്യവും കാർഷിക യന്ത്രവൽക്കരണവും ഉറപ്പ് വരുത്തുക.

## 10. വകുപ്പുതല പ്രവർത്തനങ്ങൾ

1. സംസ്ഥാന കേന്ദ്രാവിഷ്കൃത പദ്ധതികൾ തങ്ങളുടെ പ്രവർത്തന മേഖലയിൽ നടപ്പിലാക്കുക.

2. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പ്രാദേശിക വികസനത്തിനുതകുന്ന പദ്ധതികൾ രൂപീകരിച്ച് നടപ്പിലാക്കുക.

3. സംസ്ഥാനത്തെ ഉല്പാദന ചെലവ് കുറയ്ക്കുന്നതിനായി കാർഷിക യന്ത്രവത്ക്കരണം പ്രോത്സാഹിപ്പിക്കുക.

4. കൃഷിയിടങ്ങൾ സന്ദർശിച്ച് കർഷകർക്ക് ശാസ്ത്രീയ കൃഷിരീതികൾ അവലംബിക്കുന്നതിനാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നല്കുക.

5. സാങ്കേതികവിദ്യകൾ കർഷകരെ പരിചയപ്പെടുത്തുന്നതിനായി കർഷകർക്ക് പരിശീലനം നല്കുക.

6. കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ/നൂതന സാങ്കേതികവിദ്യകളെ സംബന്ധിച്ച് വിവിധ വാർത്താ മാധ്യമങ്ങളിലൂടെ വ്യാപകമായ ബോധവത്കരണം നടപ്പിലാക്കുക.

7. ആധുനിക കൃഷിരീതികൾ കർഷകർക്ക് പരിചയപ്പെടുത്തുവാൻ വേണ്ടി പ്രദർശന തോട്ടങ്ങൾ സംഘടിപ്പിക്കുക.

8. അത്യുൽപ്പാദനശേഷിയുള്ള മേൽത്തരം നടീൽ വസ്തുക്കളും വിത്തുകളും മറ്റു ഉല്പാദനോപാധികളും കൃഷി വകുപ്പിന്റെ അംഗീകൃത നഴ്സറികൾ, ഫാമുകൾ, ടിഷ്യു കൾച്ചർ ലാബ് എന്നിവ വഴി ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുക.

9. വിവിധ കർഷക ഇൻഷ്വറൻസ് പദ്ധതികൾ, വിള ഇൻഷ്വറൻസ് പദ്ധതി, കാർഷിക കടാശ്വാസ പദ്ധതികൾ, കിസാൻ അഭിമാൻ പലിശരഹിത വായ്പ പദ്ധതി, പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി എന്നിവ ആവിഷ്കരിച്ച് നടപ്പിലാക്കുക.

10. വിത്ത്, രാസവളം, കീടനാശിനി എന്നിവയുടെ നിയമാനുസൃതമായുള്ള ഗുണമേന്മ പരിശോധിച്ച് ഉറപ്പുവരുത്തുക.

11. വിപണിയിൽ ഇടപെടുകയും വിപണനത്തിനുള്ള അടിസ്ഥാന സൗകര്യം ഒരുക്കുകയും ചെയ്യുക.

11. കാർഷിക മേഖലയുടെ ഉന്നമനത്തിനായി വകുപ്പ് ധാരാളം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികളിലൊന്നാണ് നാഷണൽ ഹോർട്ടികൾച്ചർ മിഷൻ (60% കേന്ദ്രാവിഷ്കൃതം). ഹോർട്ടിക്കൾച്ചർ മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കിക്കൊണ്ട് സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖാന്തരം നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്. മാവ്, വാഴ, കൈതച്ചക്ക, കുരുമുളക്, ഇഞ്ചി, മഞ്ഞൾ, കശുമാവ്, കൊക്കോ, പുഷ്പകൃഷി എന്നിവയ്ക്ക് ഊന്നൽ നൽകിക്കൊണ്ടാണ് വിവിധ പദ്ധതി ഘടകങ്ങൾ നടപ്പിലാക്കുന്നത്. മികച്ചയിനം നടീൽ വസ്തുക്കളുടെ ഉല്പാദനവും വിതരണവും, വിളവിസ്തൃതി വർദ്ധിപ്പിക്കൽ, പച്ചക്കറി വിത്ത് ഉല്പാദനം, പുതിയ കൃഷിത്തോട്ടങ്ങളുടെ നിർമ്മാണം, പുനരുദ്ധാരണം, ജലസംഭരണികളുടെ നിർമ്മാണം, ജൈവകൃഷി പ്രോത്സാഹനവും സർട്ടിഫിക്കേഷനും, മണ്ണിര കമ്പോസ്റ്റ് നിർമ്മാണം, കൂൺ ഉല്പാദന യൂണിറ്റുകളുടെ നിർമ്മാണം, തേനീച്ച വളർത്തൽ എന്നിവയാണ് വിവിധ പദ്ധതി ഘടകങ്ങൾ. സമഗ്രവും ആധുനികവുമായ കാർഷിക രീതികൾ അവലംബിക്കുക വഴി കർഷകരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുകയും ഉയർന്ന ഉല്പാദനക്ഷമത കൈവരിക്കുകയും ചെയ്യുക എന്നതാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യം.

12. കൃഷി വകുപ്പിന് പദ്ധതിയിനത്തിൽ കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിൽ ബഡ്ജറ്റിൽ അനുവദിച്ച തുക, ചെലവഴിച്ച തുക എന്നിവ താഴെപ്പറയും പ്രകാരമാണ്.

| അനുവദിച്ച തുക (ലക്ഷത്തിൽ) | 2019-20 | 2020-21 | 2021-22 |
|---|---|---|---|
| | 106779.83 | 112243.26 | 100569.65 |
| ചെലവഴിച്ച തുക (ലക്ഷത്തിൽ) | 45331.99 | 101240.57 | 90237.37 |

വകുപ്പിന്റെ കഴിഞ്ഞ മൂന്ന് സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റ് വിഹിത വിനിയോഗം പരിശോധിച്ചതിൽ 2019-20 സാമ്പത്തികവർഷത്തിൽ ബഡ്ജറ്റിൽ അനുവദിച്ച തുകയുടെ ഏകദേശം പകുതിമാത്രമാണ് ചെലവഴിച്ചിട്ടുള്ളതെന്ന് കാണുന്നു. മറ്റ് രണ്ട് വർഷങ്ങളിൽ അനുവദിച്ച തുകയിൽ നല്ലൊരു ശതമാനം ചെലവഴിച്ചിട്ടുണ്ടെന്നും കാണുന്നു. വരും വർഷങ്ങളിൽ കൃഷിവകുപ്പിന് വിവിധ ഇനങ്ങളിലായി ബഡ്ജറ്റിൽ

അനുവദിക്കുന്ന തുക പൂർണ്ണമായും അതേ ആവശ്യത്തിനുതന്നെ ചെലവഴിക്കുന്ന കാര്യത്തിൽ പ്രത്യേക ശ്രദ്ധ പുലർത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

13. നെൽകൃഷി വികസന പദ്ധതിയുടെ ഭാഗമായി കൃഷിയോഗ്യമായ നെൽപ്പാടങ്ങളെ രൂപമാറ്റം വരുത്താതെയും തരംമാറ്റാതെയും സംരക്ഷിക്കുന്ന ഭൂവുടമകൾക്ക് ഹെക്ടറിന് പ്രതിവർഷം 2000 രൂപ നിരക്കിൽ സർക്കാർ റോയൽറ്റി പ്രഖ്യാപിച്ചിട്ടുണ്ടെന്നും ഇപ്പോൾ 1000 രൂപ കൂടി വർദ്ധിപ്പിച്ച് റോയൽറ്റി തുക 3000 രൂപയാക്കിയിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. രാജ്യത്ത് തന്നെ ഇത്തരത്തിൽ റോയൽറ്റി തുക പ്രഖ്യാപിച്ച ആദ്യ സംസ്ഥാനം കേരളമാണെന്നത് എടുത്തു പറയേണ്ട വസ്തുതയാണ്.

14. മറ്റുവിളകളെ അപേക്ഷിച്ച് നെൽകൃഷി ആദായകരമല്ലാതെ വരുന്നതുമൂലം കർഷകർക്ക് നഷ്ടം സംഭവിക്കുന്ന അവസ്ഥ നിലവിലുണ്ടെന്നും ഇത് ഒരു പരിധി വരെ തരണം ചെയ്യുന്നതിന് അത്യുത്പാദന ശേഷിയുള്ള വിത്തുകളുടെ ഉപയോഗംമൂലം സാധിക്കുമെന്നും സമിതി അഭിപ്രായപ്പെടുന്നു. **കേരളത്തിലെ വിവിധ പ്രദേശങ്ങളുടെ ഭൂപ്രകൃതിക്കനുയോജ്യമായ അത്യുത്പാദനശേഷിയുള്ള മികച്ചയിനം നെൽവിത്തുകൾ, അതത് പ്രദേശത്തെ കൃഷിഭവനുകൾ മുഖേന കർഷകർക്ക് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

15. നമ്മുടെ കർഷകർ കൂടുതലായും പരമ്പരാഗത കൃഷിരീതികളാണ് അവലംബിച്ചു വരുന്നത്. സമീപകാലത്തായി നമ്മുടെ കാലാവസ്ഥയിലും ഗണ്യമായ മാറ്റമാണ് വന്നിട്ടുള്ളത്. തന്മൂലം കാർഷിക കലണ്ടറിലുണ്ടായ മാറ്റത്തിനനുസൃതമായി കൃഷിചെയ്യാത്തപക്ഷം കാലാവസ്ഥയിലുണ്ടാകുന്ന മാറ്റത്തിനനുസരിച്ച് വിളകൾ നശിച്ചുപോകുന്ന സ്ഥിതിവിശേഷമാണ് നിലവിലുള്ളത്. ആയതിനാൽ തന്നെ **കാലാവസ്ഥാ വ്യതിയാനമനുസരിച്ച് കാർഷിക കലണ്ടറിൽ മാറ്റം വരുത്തണമെന്നും അതിനനുസൃതമായി കൃഷിയിറക്കുവാൻ കർഷകരെ പ്രേരിപ്പിക്കുന്നതിനാവശ്യമായ ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

16. നെല്ല് പാകമായാൽ കാലതാമസം കൂടാതെ വിളവെടുക്കേണ്ടതുണ്ട്. ചെറിയ കാലാവസ്ഥാ വ്യതിയാനം പോലും മൂപ്പെത്തിയ നെൽപാടങ്ങളെ പ്രതികൂലമായി ബാധിക്കാറുണ്ട്. കൊയ്ത്ത്മെതി യന്ത്രങ്ങളുടെ ദൗർലഭ്യംമൂലം പാകമായ നെല്ല് യഥാസമയം കൊയ്യാനാകാതെ കൃഷി പാടേ നശിച്ചുപോകുന്ന സന്ദർഭങ്ങളും കണ്ടുവരുന്നു. കാറ്റോ മഴയോ കൊണ്ട് മൂപ്പെത്തിയ നെൽച്ചെടികൾ ചാഞ്ഞുപോയാൽ കൊയ്ത്ത്മെതി യന്ത്രം ഉപയോഗിച്ച് അവ കൊയ്തെടുക്കുവാൻ സാധിക്കുകയില്ല. പരിചയസമ്പന്നരായ തൊഴിലാളികളുടെ അഭാവംമൂലം അന്യസംസ്ഥാന തൊഴിലാളികളെ ആശ്രയിച്ചുമാത്രമേ പിന്നീട് കൊയ്ത്ത് നടത്തുവാൻ കഴിയുകയുള്ളൂ. ഇത് **കർഷകർക്ക് ഏറെ സാമ്പത്തിക നഷ്ടം ഉണ്ടാക്കുമെന്നതിനാൽ ഓരോ പ്രദേശങ്ങളിലെയും നെൽകൃഷിയുടെ**

**വ്യാപ്തിക്കനുസൃതമായി കൃഷിഭവനുകൾ കേന്ദ്രീകരിച്ച് മതിയായ എണ്ണം കൊയ്ത്ത്മെതി യന്ത്രങ്ങൾ ലഭ്യമാക്കുന്നതിനും കർഷകർ ആവശ്യപ്പെടുന്ന സമയത്ത് അവ അനുവദിച്ചു നല്കുന്നതിനുമുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

17. കൊയ്ത്ത്മെതി യന്ത്രത്തിന് തകരാറുണ്ടാകുന്നതുകൊണ്ട് യഥാസമയം കൊയ്ത്ത് നടക്കാതെ വിളനാശം ഉണ്ടാകുന്ന സാഹചര്യങ്ങളും അപൂർവ്വമല്ല. പല യന്ത്രഭാഗങ്ങളും സംസ്ഥാനത്തിന് പുറത്തുനിന്ന് ലഭ്യമാക്കിയാൽ മാത്രമേ യന്ത്രത്തകരാർ പരിഹരിക്കാൻ സാധിക്കുകയുള്ളൂ എന്നതിനാലും പരിചയസമ്പന്നരായ മെക്കാനിക്കുകളുടെ കുറവുള്ളതിനാലും കേടുവന്ന യന്ത്രഭാഗങ്ങൾ യഥാസമയം മാറ്റിവാങ്ങുന്നതിനോ കേടുപോക്കുന്നതിനോ സാധിക്കാറില്ല. ഇത് വിളനാശം സംഭവിക്കുവാൻ കാരണമാകുമെന്നതിനാൽ **കൊയ്ത്ത്മെതി യന്ത്രങ്ങളുടെ യന്ത്രഭാഗങ്ങളുടെ ലഭ്യതയും പരിചയസമ്പന്നരായ മെക്കാനിക്കുകളുടെ സേവനവും ആവശ്യഘട്ടങ്ങളിൽ ഉറപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

18. ഏറെ പ്രതിബന്ധങ്ങൾ തരണം ചെയ്ത് കൃഷിയിറക്കിയാലും നെല്ലിന് വിലയിടിവുണ്ടാകുന്നതായി സമിതി മനസ്സിലാക്കുന്നു. പ്രത്യേകിച്ച് വിരിപ്പ് കൊയ്ത്ത് മഴക്കാലത്താകാറുള്ളതും നെല്ലിന്റെ വില അനിയന്ത്രിതമായി താഴാൻ കാരണമാകാറുണ്ട്. ഇത് കർഷകർക്ക് വളരെയധികം നഷ്ടമുണ്ടാക്കുമെന്ന വസ്തുത പരിഗണിച്ച് **കൊയ്ത്ത് കാലത്ത് നെല്ല് സംഭരിച്ച് വിലയിടിവ് തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

19. നെൽകൃഷി വികസന ഏജൻസികളുടെ ആഭിമുഖ്യത്തിൽ പാടശേഖര സമിതി വഴി നെല്ല് സംഭരിച്ച് അരിയാക്കി ബ്രാൻഡ് ചെയ്ത് വിപണനം ചെയ്യുന്നതും മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി വിപണനം ചെയ്യുന്നതും വഴി കർഷകർക്ക് മെച്ചപ്പെട്ട വില ഉറപ്പാക്കാനാവും എന്നതിനാൽ **ഇപ്രകാരം നെൽ കർഷകർക്ക് തങ്ങളുടെ ഉത്പന്നങ്ങൾ മൂല്യവർദ്ധിത ഉത്പന്നങ്ങളായി വിൽക്കുന്നതിന് സഹായകരമാകുന്ന നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

20. വിളവെടുപ്പിനുശേഷം സംഭരണശാലകളിലേക്കോ വിപണികളിലേക്കോ യഥാസമയം എത്തിക്കുവാൻ സാധിക്കാത്തതുമൂലം നെല്ല് ഉൾപ്പെടെയുള്ള കാർഷിക ഉത്പന്നങ്ങൾ കൃഷിഭൂമിയിൽ കെട്ടിക്കിടന്ന് നശിച്ചുപോകുന്ന സാഹചര്യങ്ങളും വിരളമല്ല. മതിയായ ഗതാഗത സൗകര്യങ്ങൾ ഉൾപ്പെടെ ഏർപ്പെടുത്തുന്നത് ഈ പ്രശ്നത്തിന് ഒരു പരിഹാരമാകുമെന്ന് സമിതി നിരീക്ഷിക്കുന്നു. **സ്വകാര്യ സംഭരണ ഏജൻസികളുടെ ചൂഷണം ഒഴിവാക്കുന്നതിനായി വിളവെടുത്ത ഉത്പന്നങ്ങൾ കാലതാമസമില്ലാതെ സംഭരണശാലകളിലോ വിപണികളിലോ എത്തിക്കുന്നതിന് മതിയായ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

21. ഉത്പാദനം പോലെ പ്രാധാന്യം നൽകേണ്ട മേഖലയാണ് സംഭരണം. ഉത്പന്നങ്ങൾ കേടുവരാതെ സൂക്ഷിക്കുന്നതിന് മെച്ചപ്പെട്ട സംഭരണ സംവിധാനങ്ങൾ നിലവിൽ വരേണ്ടതുണ്ട്. വളരെ വേഗം കേടുവരാത്ത ഉൽപന്നങ്ങൾ സംഭരിക്കുന്നതിന് സംസ്ഥാന വെയർഹൗസിങ് കോർപ്പറേഷൻ സൗകര്യങ്ങൾ നൽകുന്നുണ്ടെങ്കിലും കർഷകർ അത് പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നുണ്ടോ എന്ന വസ്തുത പരിശോധിക്കേണ്ടതുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. **വിളവെടുത്ത ഉൽപ്പന്നങ്ങൾ ശേഖരിച്ച് സൂക്ഷിക്കുന്നതിന് കൃഷി സ്ഥലത്തു നിന്നും വേഗം എത്തിച്ചേരാൻ സാധിക്കുന്ന ദൂരത്തിൽ സംഭരണശാലകൾ നിർമ്മിക്കുന്ന കാര്യം പരിഗണിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

22. കാർഷികോത്പന്നങ്ങൾ യഥാവിധം ശീതീകരിച്ച് സൂക്ഷിക്കുവാനുള്ള സംവിധാനങ്ങളുടെ അഭാവംമൂലം ധാരാളം ഉത്പന്നങ്ങൾ കേടാകുകയും അതുമൂലം കർഷകർക്ക് വളരെ നഷ്ടം സംഭവിക്കുകയും ചെയ്യുന്ന സാഹചര്യം നിലവിലുണ്ട്. വളരെ പെട്ടെന്ന് കേടുവരുന്ന ഉല്പന്നങ്ങൾ സംഭരിക്കുന്നതിന് കോൾഡ് സ്റ്റോറേജുകൾ നിർമ്മിക്കേണ്ടതുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. **പച്ചക്കറികളും പഴവർഗ്ഗങ്ങളും കേടുകൂടാതെ സംഭരിക്കുന്നതിനായി കോൾഡ് സ്റ്റോറേജുകൾ നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

23. കാർഷികോത്പന്നങ്ങൾ യഥാവിധം സംസ്കരിക്കുന്നതും മൂല്യവർദ്ധിത ഉത്പന്നങ്ങളാക്കി വിറ്റഴിക്കുന്നതും വഴി കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുവാൻ കഴിയും. അതിനായി ഈ മേഖലകളിൽ വേണ്ടത്ര പരിശീലനം ഉറപ്പാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതുണ്ടെന്ന് സമിതി വിലയിരുത്തുന്നു. **കാർഷികോത്പന്നങ്ങളുടെ സംസ്കരണം, അവയിൽ നിന്നുള്ള മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണം എന്നിവയിൽ കർഷകർക്ക് ആവശ്യമായ പരിശീലനപരിപാടികൾ, ശില്പശാലകൾ എന്നിവ സംഘടിപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

24. നാളികേരം, വാഴപ്പഴം, തേൻ, മാങ്ങ, പച്ചക്കറികൾ തുടങ്ങിയ കാർഷിക വിളകളിൽ നിന്നും മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിച്ച് വിപണിയിലെത്തിക്കുന്നതിനും അതിലൂടെ കർഷകർക്ക് മാന്യമായ വില ലഭ്യമാക്കുന്നതിനും ലക്ഷ്യമിട്ട് 5 അഗ്രോപാർക്കുകൾ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. അതിൽ ആദ്യത്തേത് തൃശ്ശൂർ ജില്ലയിലെ കണ്ണാറയിൽ സ്ഥാപിക്കുന്ന ബനാന ഹണി പാർക്ക് ആണെന്നും, ആയതിന്റെ നിർമ്മാണം ഏകദേശം പൂർത്തിയായതായും പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണെന്നും സമിതി മനസ്സിലാക്കുന്നു. പ്രസ്തുത

**അഗ്രോപാർക്കുകളുടെ നിർമ്മാണം കാലതാമസം കൂടാതെ പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

25. 2020 നവംബർ 1-ന് മരച്ചീനി, നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, ക്യാബേജ്, ക്യാരറ്റ്, ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി എന്നീ 16 ഇനം പഴം/പച്ചക്കറികൾക്ക് സംസ്ഥാന സർക്കാർ അടിസ്ഥാന വില പ്രഖ്യാപിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. ഈ 16 ഇനം ഉത്പന്നങ്ങളുടെ വില, അടിസ്ഥാന വിലയേക്കാൾ താഴ്ന്ന സാഹചര്യത്തിൽ സഹകരണ വകുപ്പുകളുടെ തെരഞ്ഞെടുത്ത സംഭരണ കേന്ദ്രങ്ങളിൽ ഇവ സംഭരിച്ച് കർഷകരുടെ അക്കൗണ്ടിലേക്ക് അടിസ്ഥാന വില നൽകുന്ന പദ്ധതി കർഷകർക്ക് ഏറെ പ്രയോജനപ്രദമാണെന്ന് സമിതി നിരീക്ഷിക്കുന്നു. ആയതിനാൽ **കൂടുതൽ പഴം, പച്ചക്കറി ഇനങ്ങൾക്ക് അടിസ്ഥാനവില പ്രഖ്യാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

26. കാർഷികോല്പാദനത്തിൽ കേരളം ഒട്ടേറെ മുന്നേറ്റങ്ങൾ കൈവരിച്ചിട്ടുണ്ടെങ്കിലും കർഷകർ വിപണന രംഗത്ത് വളരെയേറെ ബുദ്ധിമുട്ടുകൾ ഇന്നും നേരിടുന്നുണ്ട്. കാർഷികോല്പന്നങ്ങൾ വിറ്റഴിക്കാൻ പറ്റാത്ത സാഹചര്യം, ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കാതിരിക്കുക, കാർഷികോല്പന്നങ്ങൾ മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റുന്നതിനുള്ള അടിസ്ഥാനസൗകര്യ ലഭ്യത കുറവ് എന്നിവ കാർഷിക മേഖല നേരിടുന്ന പ്രധാന വെല്ലുവിളികളാണെന്ന് സമിതി മനസ്സിലാക്കുന്നു.

27. പല കാർഷിക ഉല്പന്നങ്ങളും പലപ്പോഴും വിറ്റഴിക്കുവാൻ പറ്റാത്ത സാഹചര്യം ഉണ്ടാകാറുണ്ട്. അധിക ഉല്പാദനം കാർഷികോല്പന്നങ്ങളുടെ വിലയിടിവിനും കാരണമാകാറുണ്ട്. സമീപകാലത്ത് കോവിഡ് 19 കാരണമുണ്ടായ സാഹചര്യങ്ങൾ, കാലാവസ്ഥാ വ്യതിയാനം കൊണ്ടുണ്ടായ കാലം തെറ്റിയുള്ള അതിവർഷം തുടങ്ങിയവ കാർഷികോല്പന്നങ്ങൾ വിറ്റഴിക്കാൻ പറ്റാത്ത സാഹചര്യം ഉണ്ടാക്കിയെന്നും സമിതി നിരീക്ഷിക്കുന്നു.

28. കർഷകരുടെ ഉല്പന്നങ്ങൾ കൂടുതലായും ഇടനിലക്കാർ മുഖേനയാണ് വിപണനം ചെയ്തുവരുന്നത്. ആയതുമൂലം ഉപഭോക്താക്കൾ വളരെ ഉയർന്ന വില നല്കിയാണ് കാർഷികോല്പന്നങ്ങൾ വാങ്ങുന്നതെങ്കിലും കർഷകർക്ക് ലഭിക്കേണ്ട ന്യായവില മിക്കവാറും അവർക്കു ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഇത് ഗൗരവമേറിയ വിഷയമാണ്. കാർഷികോല്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണമില്ലാതെ യഥാസമയം വിറ്റഴിക്കുന്നതിനും ന്യായമായ വില കർഷകർക്ക് ലഭ്യമാക്കുന്നതിനും വകുപ്പ് ക്രിയാത്മക നടപടികൾ സ്വീകരിക്കേണ്ടതുണ്ടെന്ന് സമിതി നിരീക്ഷിക്കുന്നു. **ഇതിനായി കൃഷി വകുപ്പിന്റെ**

**കീഴിൽ കാർഷിക വിപണികൾ ശാക്തീകരിക്കുന്നതിന് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

29. കാർഷിക മൊത്തവ്യാപാര വിപണിയിൽ നൽകുന്ന ഉത്പന്നങ്ങളുടെ വില കർഷകർക്ക് യഥാസമയം നൽകുന്നില്ല എന്ന പരാതി നിലനിൽക്കുന്നതായി സമിതി മനസ്സിലാക്കുന്നു. മാസങ്ങളോളം വൈകിമാത്രമാണ് കർഷകർക്ക് വില ലഭിക്കുന്നത് എന്നത് ഏറെ ഖേദകരമായ വസ്തുതയാണ്. ഭൂരിഭാഗം കർഷകർക്കും കൃഷിയല്ലാതെ മറ്റ് വരുമാന മാർഗ്ഗങ്ങൾ ഉണ്ടാകാറില്ല. ഈ വസ്തുത കണക്കിലെടുത്ത് **സർക്കാർ ഏജൻസികൾ കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പന്നങ്ങൾക്ക് സമയബന്ധിതമായി വില ലഭ്യമാക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

30. കാർഷിക വിഭവങ്ങൾ വിറ്റഴിക്കുന്നതിനായി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ സംസ്ഥാനത്തൊട്ടാകെ 6 കാർഷിക മൊത്ത വ്യാപാര കേന്ദ്രങ്ങൾ നിലവിൽ പ്രവർത്തിച്ചുവരുന്നതായി സമിതി മനസ്സിലാക്കുന്നു. **നിലവിലുള്ള വിപണികൾ മെച്ചപ്പെടുത്തുന്നതോടൊപ്പം തദ്ദേശസ്വയംഭരണ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് കൂടുതൽ വിപണികൾ സ്ഥാപിക്കുന്നതും കർഷകർക്ക് തങ്ങളുടെ ഉത്പന്നങ്ങൾ നേരിട്ട് വിപണനം ചെയ്യത്തക്ക വിധത്തിലുള്ള കാർഷിക ചന്തകൾ ഗ്രാമപ്രദേശങ്ങൾ കേന്ദ്രീകരിച്ച് ആരംഭിക്കുന്നതും കൂടുതൽ ഫലപ്രദമാകുമെന്നതിനാൽ ആയതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

31. വിപണന രംഗത്ത് കാലാനുസൃതമായ പരിഷ്കരണങ്ങൾ ഉണ്ടാകുന്നതിലൂടെ കർഷകർക്ക് ഉത്പന്നങ്ങൾ അതിവേഗം വിറ്റഴിക്കാനാകുമെന്നും ഇടനിലക്കാരുടെ ചൂഷണം ഒരു പരിധിവരെ ഒഴിവാക്കുവാൻ സാധിക്കുമെന്നും സമിതി കരുതുന്നു. വകുപ്പിന് കീഴിൽ ഒരു വെബ്പോർട്ടൽ ആരംഭിച്ച് സംസ്ഥാനത്തെ താല്പര്യമുള്ള മുഴുവൻ കർഷകരെയും രജിസ്റ്റർ ചെയ്യുകയും വിപണികളെ പരസ്പരം ബന്ധിപ്പിക്കുകയും ചെയ്യുന്നതിലൂടെ ഉത്പന്നങ്ങൾ വിറ്റഴിയാതെ കെട്ടിക്കിടക്കുന്ന സാഹചര്യം ഒഴിവാക്കാനാകുമെന്നതിനോടൊപ്പം ഒരു പ്രദേശത്ത് അധികമുള്ള ഉത്പന്നങ്ങൾ അത് ആവശ്യമുള്ള മറ്റൊരു പ്രദേശത്തേക്ക് ഓൺലൈൻ സേവനം പ്രയോജനപ്പെടുത്തി അതിവേഗം കൈമാറ്റം ചെയ്യാനാകുമെന്നും സമിതി നിരീക്ഷിക്കുന്നു. **ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗപ്പെടുത്തി വിപണികൾ കാലാനുസൃതമായി പരിഷ്കരിക്കുന്നതിനും കൃഷിഭവനുകളെ ഇതിനുള്ള അടിസ്ഥാന ഘടകമാക്കുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

32. കുരുമുളക് കൃഷി വികസനം, കശുമാവ് കൃഷി പുനരുദ്ധാരണം തുടങ്ങിയ പദ്ധതികളിൽ ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ലഭ്യതക്കുറവ് പദ്ധതി നിർവ്വഹണത്തെ

പ്രതികൂലമായി ബാധിച്ചതായി സമിതി മനസ്സിലാക്കുന്നു. **നടീൽ വസ്തുക്കൾക്ക് ഗുണമേന്മയുണ്ടെങ്കിൽ മാത്രമേ ഉത്പാദനം വർദ്ധിക്കുകയുള്ളൂവെന്നതിനാൽ കുറഞ്ഞ വിലയ്ക്ക് ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

33. കൂൺ കൃഷിക്ക് കർഷകരുടെ ഇടയിൽ വേണ്ടത്ര പ്രചാരം ലഭിച്ചിട്ടില്ല. പോഷകസമ്പുഷ്ടമായ കൂണുകൾക്ക് രാസവളപ്രയോഗത്തിന്റെ ആവശ്യമില്ല. **മുതൽമുടക്ക് കുറവും ലാഭം കൂടുതലുമുള്ള കൂൺകൃഷിക്ക് കർഷകരുടെ ഇടയിൽ പ്രചാരം ലഭിക്കുന്നതിനും ഗുണമേന്മയുള്ള കൂൺ വിത്തുകൾ കർഷകർക്ക് കൃഷി ഭവൻ മുഖേന ലഭ്യമാക്കുന്നതിനും കൂണുകൾക്ക് വിപണി ലഭ്യമാക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു**.

34. വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, വരൾച്ച തുടങ്ങിയ പ്രകൃതി ക്ഷോഭങ്ങൾ കൊണ്ടുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിലൂടെ സംരക്ഷണം ലഭിക്കുന്നു. കൃഷിഭവൻ മുഖേനയാണ് കർഷകർ തങ്ങളുടെ വിളകൾ ഇൻഷ്വർ ചെയ്യേണ്ടത്. 27 ഇനം വിളകൾ വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. (തെങ്ങ്, നെല്ല്, കമുക്, റബ്ബർ, കശുമാവ്, വാഴ, കപ്പ, കൈതച്ചക്ക, കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, കാപ്പി, തേയില, കൊക്കോ, എള്ള്, നിലക്കടല, പച്ചക്കറികൾ, ജാതി, ഗ്രാമ്പൂ, വെറ്റില, പയർവിളകൾ, കിഴങ്ങുവിളകൾ, കരിമ്പ്, പുകയില, മാവ്, ചെറുധാന്യങ്ങൾ തുടങ്ങിയവ) ഇൻഷ്വർ ചെയ്തിട്ടുള്ള നെല്ലൊഴികെയുള്ള മറ്റു വിളകൾക്ക് പൂർണനാശം സംഭവിച്ചാൽ മാത്രമാണ് നഷ്ടപരിഹാരം ലഭിക്കുന്നതെന്നും എന്നാൽ നെൽകൃഷിക്ക് 50 ശതമാനത്തിലധികം നാശം സംഭവിച്ചാൽ പൂർണ്ണനഷ്ടമായി കണക്കാക്കി നഷ്ടപരിഹാരം അനുവദിക്കുമെന്നും സ്വന്തമായും പാട്ടത്തിനും കൃഷിയിറക്കുന്ന കർഷകർക്ക് വിളകൾ ഇൻഷ്വർ ചെയ്യാൻ സാധിക്കുമെന്നും വിളനാശം സംഭവിച്ചാൽ 15 ദിവസത്തിനകം നിർദ്ദിഷ്ട ഫോറത്തിൽ കൃഷിഭവനിൽ അപേക്ഷ നൽകണമെന്നും സമിതി മനസ്സിലാക്കുന്നു. **വിളനാശം സംഭവിക്കുന്ന സാഹചര്യങ്ങളിൽ ഇൻഷ്വറൻസ് തുക കാലതാമസം കൂടാതെ കർഷകർക്ക് നൽകുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

35. വിള ഇൻഷ്വറൻസ് പദ്ധതി നിലവിലുണ്ടെങ്കിലും കർഷകർ തങ്ങളുടെ വിളകൾ യഥാസമയം ഇൻഷ്വർ ചെയ്യാൻ തയ്യാറാകുന്നില്ല. വെള്ളപ്പൊക്കമോ, വരൾച്ചയോ, രോഗബാധയോ ഉണ്ടായി വിളകൾ നഷ്ടപ്പെടുമ്പോൾ മാത്രമാണ് കർഷകർ ഇൻഷ്വറൻസിനെക്കുറിച്ച് ചിന്തിക്കുന്നത്. സമീപകാലത്തായുണ്ടാകുന്ന കാലാവസ്ഥാ വ്യതിയാനങ്ങളും അതുമൂലം കർഷകർക്കുണ്ടാകുന്ന നഷ്ടവും കണക്കിലെടുത്ത് തങ്ങളുടെ

വിളകൾ ഇൻഷ്വർ ചെയ്യേണ്ടതിന്റെ ആവശ്യകത കർഷകരെ ബോധ്യപ്പെടുത്തേണ്ട തുണ്ടെന്ന് സമിതി വിലയിരുത്തുന്നു. ആയതിനാൽ **തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേനയും പഞ്ചായത്തുതല കാർഷിക വികസന സമിതികൾ മുഖേനയും കർഷകർക്കിടയിൽ തങ്ങളുടെ വിളകൾ ഇൻഷ്വർ ചെയ്യുന്നതിനുള്ള അവബോധം വളർത്തുന്നതിനാവശ്യമായ നടപടി കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

36. സംസ്ഥാനത്ത് കാർഷികവൃത്തികൊണ്ട് ഉപജീവനം നടത്തുന്ന ഏതൊരു കർഷകന്റെയും ക്ഷേമത്തിനായും പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനും യുവതലമുറയെ കാർഷികവൃത്തിയിലേക്ക് ആകർഷിക്കുന്നതിനും തുടർപ്രവർത്തനങ്ങൾക്കും വേണ്ടി ഒരു ക്ഷേമനിധി രൂപീകരിക്കാനുള്ള ആക്ട് "കേരള കർഷകക്ഷേമനിധി ആക്ട്" എന്ന പേരിൽ 2019 ഡിസംബർ 20-ന് നിലവിൽ വന്നു. ഈ ആക്ടിന്റെ അധികാരങ്ങൾ ഉപയോഗിച്ച് 2020 ഒക്ടോബർ 4-ന് കേരള കർഷകക്ഷേമനിധി ബോർഡ് രൂപീകരിച്ച് ഉത്തരവായി.

37. പ്രസ്തുത ആക്ട് പ്രകാരം വിളപരിപാലനം, ഉദ്യാനപരിപാലനം, ഔഷധസസ്യപരിപാലനം, നടീൽ വസ്തുക്കളുടെ ഉല്പാദനവും വില്പനയും, ഇടവിളകളുടെയും വൃക്ഷങ്ങളുടെയും പരിപാലനം, പച്ചക്കറി വളർത്തൽ, അലങ്കാരമത്സ്യം വളർത്തൽ, പശു, ആട്, പോത്ത്, പന്നി, മുയൽ മുതലായ മൃഗപരിപാലനം, കോഴി, കാട, താറാവ്, തേനീച്ച, പട്ടുനൂൽപ്പുഴു എന്നിവയുടെ പ്രജനനവും പരിപാലനവും, കൃഷി അനുബന്ധപ്രവർത്തനങ്ങൾ ഉൾപ്പെടെ കാർഷികാവശ്യത്തിനായുള്ള ഭൂമിയുടെ ഉപയോഗം മുതലായവ കൃഷി എന്ന നിർവ്വചനത്തിൽപ്പെടുന്നതായും ഉടമസ്ഥനായോ, അനുമതിപത്രക്കാരനായോ, ഒറ്റി കൈവശക്കാരനായോ, സർക്കാർഭൂമി പാട്ടക്കാരനായോ, കുത്തകപാട്ടക്കാരനായോ ഭാഗികമായി ഒരു നിലയിലും ഭാഗികമായി മറ്റുവിധത്തിലും അഞ്ച് സെന്റിൽ കുറയാതെയും 15 ഏക്കറിൽ കവിയാതെയും വിസ്തീർണ്ണമുള്ള ഭൂമി കൈവശം വച്ചിരിക്കുകയും 3 വർഷത്തിൽ കുറയാത്ത കാലയളവിൽ കൃഷി-കൃഷിഅനുബന്ധ പ്രവർത്തനങ്ങൾ പ്രധാന ഉപജീവനമാർഗ്ഗമായിരിക്കുകയും വാർഷികവരുമാനം 5 ലക്ഷത്തിൽ കവിയാതെയുമുള്ള ഏതൊരാളും ഈ ആക്ടിന്റെ പരിധിയിൽ ഉൾപ്പെടുന്ന കർഷകനായി നിർവ്വചിക്കപ്പെടുന്നതായും കാപ്പി, ഏലം, റബ്ബർ, തേയില എന്നീ തോട്ടവിളകളുടെ സംഗതിയിൽ ഏഴര ഏക്കറിൽ കൂടുതൽ ഭൂമി ഏതെങ്കിലും വിധത്തിൽ കൈവശം വയ്ക്കുന്നയാൾ കർഷകന്റെ നിർവ്വചനത്തിൽ ഉൾപ്പെടുന്നില്ല എന്നും സമിതി മനസ്സിലാക്കുന്നു.

38. മൂന്ന് വർഷത്തിൽ കുറയാതെ കൃഷി പ്രധാന ഉപജീവനമാർഗ്ഗമായി കൊണ്ടുനടക്കുകയും മറ്റേതെങ്കിലും ക്ഷേമനിധിയിൽ അംഗമല്ലാത്തവരുമായ 18-നും 55-നും ഇടയിൽ പ്രായമുള്ള കർഷകർക്ക് പദ്ധതിയിൽ അംഗത്വം ലഭിക്കുമെന്നും, പ്രതിമാസം 5,000 രൂപ വരെ കർഷകർക്ക് പെൻഷൻ ലഭിക്കുന്നതാണെന്നും സമിതി മനസ്സിലാക്കുന്നു.

39. **കർഷകക്ഷേമനിധി ബോർഡിൽ അംഗങ്ങളാകുക വഴി കർഷകർക്ക് പെൻഷനും മറ്റാനുകൂല്യങ്ങളും ലഭ്യമാകുമെന്നതിനാൽത്തന്നെ മാനദണ്ഡങ്ങൾക്കനുസൃതമായി പരമാവധി കർഷകർക്ക് ക്ഷേമനിധി ബോർഡിൽ അംഗത്വം ലഭ്യമാക്കുന്നതിനാവശ്യമായ ബോധവത്ക്കരണ പ്രവർത്തനങ്ങൾ നടത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

40. സംസ്ഥാനത്ത് കടബാദ്ധ്യതമൂലം ദുരിതത്തിലായ കർഷകർക്ക് ആശ്വാസം നൽകുന്നതിനുവേണ്ടി ന്യായനിർണയം നടത്തി അവാർഡുകൾ പാസ്സാക്കുന്നതിന് അധികാരമുള്ളതും, മദ്ധ്യസ്ഥതയിലൂടെയും അനുരഞ്ജനത്തിലൂടെയും അത്തരം കർഷകരുടെ സങ്കടങ്ങൾ പരിഹരിക്കുന്നതിന് ഉചിതമായ നടപടികൾക്ക് ശിപാർശ നൽകുന്നതിനുമായി സംസ്ഥാന ഗവൺമെന്റ് രൂപീകരിച്ച കമ്മീഷനാണ് കേരള കാർഷിക കടാശ്വാസ കമ്മീഷൻ. 2007-ലെ കേരള കാർഷിക കടാശ്വാസ കമ്മീഷൻ ആക്ട് പ്രകാരമാണ് കമ്മീഷന്റെ പ്രവർത്തനങ്ങൾ നടന്നു വരുന്നത്. കടബാധ്യതകളും ബാങ്കുകളിൽ നിന്നുള്ള ജപ്തിയും ഒഴിവാക്കാൻ കർഷകർക്ക് കടാശ്വാസ കമ്മീഷനെ സമീപിക്കുന്നതിനായി അതത് സാമ്പത്തികവർഷങ്ങളിൽ ഉത്തരവ് ഇറങ്ങേണ്ടതായുണ്ടെന്നും എന്നാൽ 2020-ന് ശേഷം ഈ ഉത്തരവ് ഇറങ്ങിയിട്ടില്ല എന്നും സമിതി മനസ്സിലാക്കുന്നു. കോവിഡും പ്രളയവുംമൂലം പ്രതിസന്ധിയിലായ കർഷകർക്ക് ഇളവ് ലഭിച്ചിട്ടില്ല എന്നും സമിതി മനസ്സിലാക്കുന്നു. കടാശ്വാസ കമ്മീഷൻ മുമ്പാകെയുള്ള പഴയ അപേക്ഷകൾ ധാരാളം തീർപ്പാക്കാൻ ബാക്കിയുള്ളതായും സമിതി മനസ്സിലാക്കുന്നു. **പഴയ കടബാധ്യതകൾ നിലനിൽക്കുന്നതിനാൽ കർഷകർക്ക് വായ്പ ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നതായും, കടബാദ്ധ്യതകൾമൂലം കർഷകർ ജീവനൊടുക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാലും കാർഷിക കടാശ്വാസ കമ്മീഷൻ മുമ്പാകെ തീർപ്പാക്കാൻ ബാക്കിയുള്ള എല്ലാ അപേക്ഷകളിന്മേലും അടിയന്തരനടപടി കൈക്കൊള്ളണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

41. കൃഷി വകുപ്പിനുകീഴിൽ അഗ്രികൾച്ചർ ഇൻഫർമേഷൻ മാനേജ്മെന്റ് സിസ്റ്റം (AIMS) എന്ന വെബ്പോർട്ടൽ ആരംഭിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. കൃഷിവകുപ്പ് നടപ്പിലാക്കുന്ന വിവിധ സേവനങ്ങൾക്ക് അപേക്ഷ നൽകുക, ആനുകൂല്യം കർഷകരുടെ അക്കൗണ്ടിലേക്ക് നൽകുക, വിവിധ പദ്ധതികളെക്കുറിച്ചുള്ള അറിയിപ്പുകൾ ലഭിക്കുക തുടങ്ങിയ വിവിധ ആവശ്യങ്ങൾക്കായി ഈ പോർട്ടൽ പ്രയോജനപ്പെടുത്താവുന്നതാണ്. എയിംസ് (AIMS) എന്ന മൊബൈൽ ആപ്ലിക്കേഷനും കർഷകർക്കായി ലഭ്യമാക്കിയിട്ടുള്ളതാണ്. ഭാവിയിൽ കൃഷിവകുപ്പിന്റെ മുഴുവൻ സേവനങ്ങളും ഈ പോർട്ടൽ വഴി കർഷകരിലേക്ക് എത്തിക്കുവാനും കർഷകർക്ക് സേവനങ്ങൾ വേഗത്തിലും കാര്യക്ഷമമായും സുതാര്യമായും സമയബന്ധിതമായും വിതരണം ചെയ്യുവാനും ഈ പോർട്ടൽ സഹായകരമാകുമെന്ന് സമിതി വിലയിരുത്തുന്നു.

രജിസ്റ്റർ ചെയ്യുന്ന കർഷകർക്ക് കൃഷിഭവൻ സന്ദർശിക്കാതെ തന്നെ AIMS പോർട്ടൽ മുഖേന ഓൺലൈനായി അപേക്ഷകൾ സമർപ്പിക്കാനാകുമെന്നത് ഏറെ ഗുണകരമാകുമെന്ന് സമിതി നിരീക്ഷിക്കുന്നു. **കർഷകർക്ക് AIMS സംബന്ധിച്ച് വേണ്ടത്ര അവബോധം നൽകുന്നതിനും കൂടുതൽ കർഷകർ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

42. കർഷകരുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി സർക്കാർ ധാരാളം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നുണ്ടെങ്കിലും പ്രസ്തുത പദ്ധതികളും ആനുകൂല്യങ്ങളും പൂർണ്ണമായും കർഷകരിലേക്ക് എത്തുന്നില്ല എന്നത് ഒരു വസ്തുതയാണ്. ഇതിനായി രൂപീകരിച്ചിട്ടുള്ള **ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ പ്രവർത്തനം കുറെക്കൂടി കാര്യക്ഷമമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

43. ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തെ ഭക്ഷ്യ സ്വയംപര്യാപ്തതയിൽ കഴിയാവുന്നത്ര എത്തിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച പദ്ധതിയാണ് **സുഭിക്ഷകേരളം.** കൃഷി വകുപ്പിനൊപ്പം തദ്ദേശസ്വയംഭരണം, മൃഗസംരക്ഷണം, ക്ഷീരവികസനം, ആരോഗ്യം, മത്സ്യബന്ധനം, സഹകരണം, വ്യവസായം, ജലസേചനം, പട്ടികവർഗ്ഗ വികസനം എന്നീ വകുപ്പുകൾ സംയുക്തമായാണ് ഈ ബൃഹദ് പദ്ധതി നടപ്പിലാക്കുന്നത്.

44. തരിശുനിലങ്ങളിൽ പൂർണ്ണമായും കൃഷിയിറക്കുക, ഇതിനുവേണ്ട വിത്ത്, വളം, കീടനാശിനി തുടങ്ങിയ ഉത്പാദനോപാധികളും മറ്റ് കൃഷി ചെലവുകളും നൽകുക, നെല്ല്, ചെറുധാന്യങ്ങൾ, പയറിനങ്ങൾ, കിഴങ്ങുവിളകൾ ഇവ കൃഷി ചെയ്യിപ്പിച്ച് ഉത്പാദന വർദ്ധനവിലൂടെ കർഷകർക്ക് നല്ല വരുമാനം ഉറപ്പാക്കുക, കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് യുവാക്കളെയും നാട്ടിലേക്ക് മടങ്ങിയെത്തുന്ന പ്രവാസികളെയും കാർഷിക വൃത്തിയിലേക്ക് ആകർഷിക്കുക എന്നിവ സുഭിക്ഷകേരളം പദ്ധതിയുടെ ലക്ഷ്യങ്ങളാണെന്നും സമിതി മനസ്സിലാക്കുന്നു.

45. കേരള സർക്കാരിന്റെ രണ്ടാം നൂറുദിന പരിപാടിയുടെ ഭാഗമായി കാർഷിക വികസന കർഷകക്ഷേമ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രധാന പദ്ധതിയാണ് **'ഞങ്ങളും കൃഷിയിലേക്ക്'** സമൂഹത്തിലെ എല്ലാ തുറകളിലെയും ജനങ്ങളെ കൃഷിയിലേക്ക് കൊണ്ടുവരിക എന്നതാണ് ഈ ക്യാമ്പയിൻ കൊണ്ട് ഉദ്ദേശിക്കുന്നത് എന്നും ഈ പദ്ധതിയുടെ പ്രചരണ പരിപാടികൾ വിവിധ തലങ്ങളിലായി ആരംഭിച്ചതായും സമിതി മനസ്സിലാക്കുന്നു. **പദ്ധതി കൂടുതൽ വ്യാപകമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

46. ഓരോ വിളകൾക്കും ആവശ്യമായ വളത്തിന്റെയും വെള്ളത്തിന്റെയും അളവ് വ്യത്യസ്തമാണ്. അതിനാൽ തന്നെ വിളകൾക്ക് വ്യത്യസ്തരീതിയിലാണ് വളം ആവശ്യമായി വരുക. മണ്ണിൽ ലഭ്യമായ മൂലകങ്ങളുടെ അളവ് നിർണയിച്ച് ആവശ്യമുള്ള വളം മാത്രം ഉപയോഗിക്കുന്നതിലൂടെ കൃഷി കൂടുതൽ ലാഭകരമാക്കാനാകും. ഇതിന് കർഷകരെ സഹായിക്കുന്ന പദ്ധതിയാണ് 'നാഷണൽ മിഷൻ ഓൺ സസ്റ്റയിനബിൾ അഗ്രികൾച്ചർ' എന്ന് സമിതി മനസ്സിലാക്കുന്നു. ഈ പദ്ധതിയിലൂടെ കർഷകർക്ക് തങ്ങളുടെ കൃഷിഭൂമിയിലെ മണ്ണിന്റെ പി. എച്ച്., മണ്ണിലെ ജൈവാംശത്തിന്റെ തോത്, നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാഷ്, മാംഗനീസ് തുടങ്ങിയ മൂലകങ്ങളുടെ ലഭ്യത എന്നിവയെല്ലാം രേഖപ്പെടുത്തിയ സോയിൽ ഹെൽത്ത് കാർഡ് ലഭ്യമാക്കുന്നു. മണ്ണ് പരിശോധന നടത്തി സോയിൽ ഹെൽത്ത് കാർഡ് ലഭ്യമാക്കുമ്പോൾ ആയതിന്റെ അടിസ്ഥാനത്തിൽ ഓരോ വിളയ്ക്കും നൽകേണ്ട ജൈവവളം, രാസവളങ്ങൾ, സൂക്ഷ്മ മൂലകങ്ങൾ, കുമ്മായം എന്നിവയുടെ അളവ് കൃത്യമായി കർഷകന് മനസ്സിലാക്കാൻ സാധിക്കുമെന്നതിനാൽ ആവശ്യമുള്ള വളം മാത്രം വിളകൾക്ക് നൽകി കൃഷിച്ചെലവ് കുറയ്ക്കുവാനും വിളവെടുപ്പ് കൂട്ടുവാനും സാധിക്കും. ആയതിനാൽ **സോയിൽ ഹെൽത്ത് കാർഡ് സംബന്ധിച്ച് കർഷകർക്കിടയിൽ അവബോധം സൃഷ്ടിക്കണമെന്നും എല്ലാ കർഷകർക്കും തങ്ങളുടെ കൃഷിയിടത്തിനാവശ്യമായ എല്ലാ മൂലകങ്ങളുടെയും വിവരങ്ങൾ രേഖപ്പെടുത്തിയ സോയിൽ ഹെൽത്ത് കാർഡ് നല്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.**

47. കർഷകന് കൃഷിയിറക്കാൻ താത്പര്യമുണ്ടെങ്കിൽപോലും തൊഴിലാളികളുടെ അഭാവംമൂലം കൃഷിഭൂമി തരിശു കിടക്കുന്ന സാഹചര്യം നിലവിലുണ്ട്. നമ്മുടെ കാർഷികമേഖലയിൽ അന്യസംസ്ഥാന തൊഴിലാളികളെ ആശ്രയിക്കേണ്ട അവസ്ഥയാണ് നിലവിലുള്ളത്. **പുതുതലമുറയിലുള്ളവർ കൃഷിപ്പണികളിൽ ഏർപ്പെടാൻ വിമുഖത കാണിക്കുന്നതുമൂലം കാർഷികരംഗം നിർജ്ജീവമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കൃഷിയുടെ മഹത്വവും കാർഷികമേഖലയുടെ പ്രാധാന്യവും പുതുതലമുറയ്ക്ക് മനസ്സിലാക്കിക്കൊടുക്കുന്നതിനാവശ്യമായ ബോധവത്കരണ പരിപാടികൾ, കാർഷികവൃത്തിയിലേക്ക് ആകർഷിക്കുന്നവിധത്തിലുള്ള പദ്ധതികൾ എന്നിവ ആവിഷ്കരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

48. കൃഷി എന്നത് നമ്മുടെ സംസ്കാരത്തിന്റെ ഭാഗമാണെന്ന തിരിച്ചറിവ് സമൂഹത്തിൽ ഉണ്ടാകേണ്ടതുണ്ട്. **അവരവർക്കാവശ്യമായ പച്ചക്കറികൾ സ്വന്തം മണ്ണിൽ തന്നെ ഉത്പാദിപ്പിക്കാൻ ജനങ്ങൾക്ക് പ്രചോദനം നൽകുന്ന വിധത്തിലുള്ള പരസ്യങ്ങൾ, കൃഷിയിൽ വിജയം കൈവരിച്ചവരുടെ അനുഭവകഥകൾ തുടങ്ങിയവ നവമാധ്യമങ്ങൾ വഴി പ്രചരിപ്പിക്കുന്നതും അതോടൊപ്പം കൃഷിഭവനുകൾ വഴി ജനങ്ങൾക്ക് കൃത്യമായ മാർഗനിർദ്ദേശങ്ങളും മികച്ച നടീൽ വസ്തുക്കളും നൽകുന്നതും,**

**ഒരു പരിധിവരെ ജനങ്ങളെ കൃഷിയോട് അടുപ്പിക്കുവാൻ സഹായിക്കുമെന്നതിനാൽ അതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

49. കൃഷിഭൂമിയുടെ കുറവ് കാർഷികരംഗത്തെ പ്രതികൂലമായി ബാധിക്കുന്നു എന്ന് അഭിപ്രായപ്പെടുമ്പോഴും ധാരാളം ഭൂമി തരിശു കിടക്കുന്ന സാഹചര്യം നിലവിലുണ്ട്. സ്കൂൾ, കോളേജ്, ആശുപത്രി, സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങി നിരവധി സ്ഥാപനങ്ങളുടെയും ചുറ്റുപാടുകൾ തരിശു കിടക്കുന്നതായി കാണാം. പല സ്കൂളുകളുടെയും കോളേജുകളുടെയും വളപ്പുകൾ കാടുപിടിച്ച അവസ്ഥയിലാണ്. ഇത്തരം ഉപയോഗശൂന്യമായ പ്രദേശങ്ങളുടെ മറവിൽ മദ്യം, മയക്കുമരുന്ന് എന്നിവയുടെ കൈമാറ്റവും ഉപയോഗവും മറ്റു സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങളും വ്യാപകമാകാനുള്ള സാധ്യത തള്ളിക്കളയാനാവില്ല. കൂടാതെ സ്കൂളുകളിലും കോളേജുകളിലും കൃഷി പ്രോത്സാഹിപ്പിക്കുന്നതിലൂടെ കുട്ടികളുടെ ക്രിയാത്മകശേഷി കാർഷിക മേഖലയിലേക്ക് തിരിച്ചുവിടാനാകും. **ആയതിനാൽ വിദ്യാഭ്യാസവകുപ്പുമായി ചേർന്ന് സ്കൂൾ, കോളേജ് വളപ്പുകളിൽ കൃഷി ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. ഇതിനായി നാഷണൽ സർവ്വീസ് സ്കീം, കുടുംബശ്രീ എന്നിവയുടെ സഹകരണം തേടാവുന്നതാണെന്നും സമിതി ശിപാർശ ചെയ്യുന്നു. ഇത്തരത്തിൽ തരിശു കിടക്കുന്ന സർക്കാർ, സർക്കാരിതര ഭൂമി തദ്ദേശസ്വയംഭരണ വകുപ്പ് വാർഡ് മെമ്പർമാർ മുഖേന കണ്ടെത്തി ഭൂവുടമയെ പ്രേരിപ്പിച്ച് കൃഷിചെയ്യിക്കുകയോ, ഉടമസ്ഥൻ വിമുഖത കാണിക്കുന്നപക്ഷം ബന്ധപ്പെട്ട കൃഷി ഓഫീസറുടെ മേൽനോട്ടത്തിൽ സന്നദ്ധ സംഘടനകളോ കുടുംബശ്രീ പോലെയുള്ള ഏജൻസികൾ മുഖേനയോ കൃഷിയിറക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

50. നമ്മുടെ സംസ്ഥാനത്ത് ആകെയുള്ള കൃഷിഭൂമിയുടെ ഏകദേശം ഏഴ് ശതമാനത്തോളം തരിശായി കിടക്കുന്നതായി കണക്കുകൾ സൂചിപ്പിക്കുന്നു. തരിശുഭൂമിയിൽ കൃഷിയിറക്കുന്നതിന് സർക്കാർ പരമാവധി പ്രോത്സാഹനം നൽകിവരുന്നതായും, ഇതിനായി പ്രത്യേക ഫണ്ട് വകയിരുത്തിയിട്ടുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. **മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ എന്നിവയുടെ പങ്കാളിത്തത്തോടെ നെൽകൃഷിക്കനുയോജ്യമായ തരിശുനിലങ്ങൾ ഘട്ടം ഘട്ടമായി പ്രോജക്ട് അടിസ്ഥാനത്തിൽ സുസ്ഥിര നെൽകൃഷിക്കായി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

51. അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള വിഷലിപ്തമായ പച്ചക്കറികളെയാണ് ഇന്ന് നാം ഏറെയും ആശ്രയിക്കുന്നത്. ഇതിനാൽതന്നെ കാൻസർ ഉൾപ്പെടെയുള്ള മാരകരോഗങ്ങൾ വർദ്ധിച്ചുവരുന്നതായി ആരോഗ്യരംഗത്തെ വിദഗ്ദ്ധർ അഭിപ്രായപ്പെടുന്നു. ഈ സാഹചര്യത്തിൽ പച്ചക്കറികൃഷിയിൽ നാം സ്വയംപര്യാപ്തത നേടേണ്ടത് അനിവാര്യമാണ്. വീട്ടുവളപ്പിലെ പച്ചക്കറി കൃഷി, മട്ടുപ്പാവിലെ കൃഷി എന്നിവ

പ്രോത്സാഹിപ്പിക്കേണ്ടത് അത്യാവശ്യമാണെന്ന് സമിതി വിലയിരുത്തുന്നു. വീട്ടുകളിലേക്കാവശ്യമുള്ള പച്ചക്കറികളുടെ ഉല്പാദനത്തിൽ ഒരു പരിധിവരെയെങ്കിലും സ്വയംപര്യാപ്തത നേടാനാവുമെന്നതിനാൽ ജനങ്ങൾക്ക് കൃഷിയുടെ പ്രാധാന്യം മനസ്സിലാക്കി കൊടുക്കുന്നതിനും കൃഷിക്ക് വേണ്ടത്ര പ്രോത്സാഹനം നൽകുന്നതിനും നടപടി സ്വീകരിക്കേണ്ടതുണ്ടെന്ന് സമിതി അഭിപ്രായപ്പെടുന്നു. ധാരാളം ആളുകൾ ഇതിനോടകം ഇത്തരത്തിലുള്ള കൃഷിരീതികളിലേക്ക് എത്തിച്ചേർന്നിട്ടുണ്ട്. എങ്കിലും **ഇനിയും കൂടുതൽ ആളുകളെ ഇതിലേക്ക് ആകർഷിക്കുന്നതിനും പച്ചക്കറികൃഷിയിൽ ഒരു പരിധി വരെയെങ്കിലും സ്വയംപര്യാപ്തത നേടുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

52. ഇന്ന് കൃഷി എന്നത് നമ്മുടെ സംസ്കാരം എന്നതിൽ നിന്ന് വെറും വ്യാപാരവും വ്യവസായവും ആയി മാറി. നമ്മുടെ കാർഷികത്തനിമ ചോരാതെ അതേപടി നിലനിർത്തേണ്ടത് അത്യാവശ്യമാണ്. കർഷകന്റെയും കാർഷികമേഖലയുടെയും ഉന്നമനത്തിലൂടെ മാത്രമേ നാടിന്റെ നിലനിൽപ്പ് ഉറപ്പാക്കാനാകൂ എന്ന വസ്തുത കണക്കിലെടുത്ത് ആയതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതുണ്ടെന്ന് സമിതി വിശ്വസിക്കുന്നു. കർഷകരുടെ ഉന്നമനം യാഥാർത്ഥ്യമാക്കേണ്ടത് സമൂഹത്തിന്റെ മുഴുവൻ ഉത്തരവാദിത്തമാണ്. നമ്മുടെ രാഷ്ട്രത്തിന്റെ ഭാവി സൈനികരുടെയും കർഷകരുടെയും കൈകളിലാണെന്ന യാഥാർത്ഥ്യം ഉൾക്കൊണ്ട് 'ജയ് ജവാൻ, ജയ് കിസാൻ' എന്ന മുദ്രാവാക്യത്തെ ഉയർത്തിപ്പിടിക്കേണ്ടതുണ്ടെന്ന് സമിതി അഭിപ്രായപ്പെടുന്നു. മനുഷ്യരാശിയുടെ നിലനിൽപ്പിനടിസ്ഥാനം മനുഷ്യനിണങ്ങിയ മണ്ണാണെന്നതിനാൽത്തന്നെ മണ്ണിന്റെ സംരക്ഷണത്തിന് മുൻഗണന നൽകേണ്ടതുണ്ട്. സുസ്ഥിര, പരിസ്ഥിതി സൗഹൃദ മാർഗങ്ങൾ സ്വീകരിച്ചുകൊണ്ട് ഒരു കാർഷിക സംസ്കാരം വളർത്തിയെടുക്കാനും കാർഷിക നവോത്ഥാനം കൈവരിക്കാനും കാർഷിക മേഖലയിൽ സ്വയംപര്യാപ്തത നേടാനും ഗതകാലത്തിലെ കാർഷികസമൃദ്ധി വീണ്ടെടുക്കാനും നമുക്കാകുമെന്ന് സമിതി പ്രത്യാശിക്കുന്നു.

കെ. കെ. ശൈലജ ടീച്ചർ,<br>*അദ്ധ്യക്ഷ,*<br>*എസ്റ്റിമേറ്റ്സ് കമ്മിറ്റി.*

*തിരുവനന്തപുരം,*<br>2022 ജൂലൈ 20.

982/2022.